**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കപ്പൽച്ചാൽ ലംഘിച്ച് സഞ്ചാരം നടത്തുന്ന കപ്പലുകൾ മത്സ്യബന്ധന ബോട്ടുകളുമായി കൂട്ടിയിടിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. തെക്ക് പടിഞ്ഞാറൻ തീരത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ അപകടങ്ങൾ, വാണിജ്യക്കപ്പലുകളുടെ കഴിഞ്ഞ കാലങ്ങളിലുള്ള സഞ്ചാരപഥം, നിലവിലെ സമുദ്രപാതയിലൂടെ അനുവദിയ്ക്കാവുന്ന പരമാവധി എണ്ണം കപ്പലുകൾ (പ്രത്യേകിച്ച് കേരളതീരത്തെ ഫിഷിംഗ് പ്രഷർ കൂടി പരിഗണിച്ച്) എന്നിവ പരിശോധിച്ച് കേരളതീരത്തു നിന്നും 50 നോട്ടിക്കൽ മൈൽ അകലെക്കൂടി നിർദ്ദിഷ്ട കപ്പൽപ്പാത നടപ്പിലാക്കുന്നതാണ് അഭികാമ്യം എന്ന് കാണിച്ച് 2018 നവംബർ മാസത്തിൽ കേന്ദ്ര സർക്കാരിനും, ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നിവേദനം നൽകിയിരുന്നു. സെപ്റ്റംബർ 2018 ൽ ഉത്തരവായ കെ.എം.എഫ്.ആർ റൂളിലെ ചട്ടം 3 ഉപ ചട്ടം 2 ക്ലോസ്സ് (c) പ്രകാരം സെപ്റ്റംബർ 2019 മുതൽ എല്ലാ യന്ത്രവൽകൃത മത്സ്യ ബന്ധന യാനങ്ങളിലും വെസ്സൽ ട്രാക്കിംഗ് ഡിവൈസ് (VTD)/ ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) നിർബന്ധമാക്കിയിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന മത്സ്യബന്ധന യാനങ്ങൾ രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് AIS/VTD ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഒരുക്കുന്നതിന് ഇരുപത്തിനാല് മണിക്കൂർ നിരീക്ഷണവും പട്രോളിങ്ങും ഏർപ്പെടുത്താൻ കോസ്റ്റ് ഗാർഡിനും നാവിക സേനയ്ക്കും നിർദ്ദേശം നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഒരുക്കുന്നതിന് ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും 24 മണിക്കൂർ നിരീക്ഷണവും പട്രോളിംഗും നടത്തി വരുന്നുണ്ട്. കൂടാതെ കടലിൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനും ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും സഹായിക്കുന്നുണ്ട്. 2024 ലെ ട്രോൾ ബാൻ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 22-05-2024 -ന് മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയത്തിൽ ഇന്ത്യൻ |

| | | | |
|---|---|---|---|
| | | | കോസ്റ്റ് ഗാർഡിനോടും, ഇന്ത്യൻ നേവിയോടും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | കോസ്റ്റൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ;? | (സി) | കോസ്റ്റൽ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. മതിയായ സുരക്ഷാ ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും യഥാസമയം വാങ്ങുകയും ആയത് ആവശ്യ സമയങ്ങളിൽ ഉപയോഗിച്ച് വരുകയും ചെയ്യുന്നു. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് മികച്ച രീതിയിലുള്ള പരിശീലനം പ്രസ്തുത രംഗത്തെ വിദഗ്ധ വിഭാഗങ്ങളായ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, നാഷണൽ അക്കാദമി ഓഫ് കോസ്റ്റൽ പോലീസിംഗ് (NACP) Okha, ഗുജറാത്ത്, എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ കോസ്റ്റൽ പോലീസിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനങ്ങളും പദ്ധതികളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ